11859
12/11/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - എറണാകുളം കാക്കനാട് ആശാഭവൻ (മെൻ) സ്ഥാപനത്തിൽ വേസ്റ്റ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

===========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.640/2014/സാനീവ തിരുവനന്തപുരം, തീയതി 23.10.2014.

===========================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 23.08.2014 ലെ എഫ്5- 14332/14 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിൽ എറണാകുളം കാക്കനാട് പ്രവർത്തിച്ചുവരുന്ന ആശാഭവൻ (മെൻ) എന്ന സ്ഥാപനത്തിലെ വേസ്റ്റ് വാട്ടർ ഔട്ട്ലെറ്റിന് ചോർച്ച ഉണ്ടായതിനാൽ ആയത് പരിഹരിക്കുന്നതിനായി പ്രസ്തുത സ്ഥാപനത്തിൽ ഒരു വേസ്റ്റ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പു ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം കാക്കനാട് ആശാഭവൻ (മെൻ) സ്ഥാപനത്തിന് ഒരു വേസ്റ്റ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ആയതിലേയ്ക്ക് 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-001-96(പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സൂപ്രണ്ട്, ആശാഭവൻ (മെൻ), കാക്കനാട്, എറണാകുളം.
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം, തൃക്കാക്കര, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന്)
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ